"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യപൊതുവിതരണ വകുപ്പ്-സംസ്ഥാനത്തെ ചില്ലറ റേഷൻവ്യാപാരികൾ ഇ-ട്രഷറി അടവാക്കൽ നടത്തുന്ന "2408-01-102-95-33"ശീർഷകത്തിൽ നിന്നും 3,99,000/-രൂപ പൊതുവിതരണ ഉപഭോക്തൃകാര്യകമ്മീഷണറുടെ പേരിലുള്ള '799011700000253" PD അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.404/2024/F&CS തീയതി,തിരുവനന്തപുരം, 23-12-2024

---

പരാമർശം:-

1. 25/10/2019 ലെ ഭപൊവിവ-ബി3/80/2019-ഭ.പൊ വി .വ നമ്പർ കത്ത്
2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 27/06/2024 തീയതിയിലെ CCS/2787/2021-E2 നമ്പർ കത്തും 6/10/2024-ലെ CCS/5336/2024-E2 കത്തും

**ഉത്തരവ്**

റേഷൻ ഭക്ഷ്യധാന്യങ്ങളുടെ വിൽപ്പനവില, ASC, PD ഇനങ്ങളിലായി സംസ്ഥാനത്തെ ചില്ലറ റേഷൻവ്യാപാരികൾ "2408-01-102-95-33" ശീർഷകത്തിൽ അടവുവരുത്തുന്ന തുകയിൽ നിന്നും, 2019 ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ സപ്ലൈകോയിൽ നിന്നും വിട്ടെടുത്ത CMR-ന്റെ പി.ഡി ഇനത്തിൽ ചില്ലറ റേഷൻവ്യാപാരികൾ ഇ-ട്രഷറി അടവു വരുത്തിയ 3,99,000/- രൂപ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ പേരിലുള്ള 799011700000253-ാം നമ്പർ പി.ഡി അക്കൗണ്ടിലേക്ക് മാറ്റി നൽകണമെന്ന് പരാമർശം (2) പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു. വകുപ്പിലെ ആവശ്യങ്ങളും റേഷൻ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ടുകൊണ്ടു പോകുന്നതിന് പി.ഡി അക്കൗണ്ടിൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്നും അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ സപ്ലൈകോയിൽ നിന്നും വിട്ടെടുത്ത CMR-ന്റെ പി.ഡി ഇനത്തിൽ

ചില്ലറ റേഷൻവ്യാപാരികൾ ഇ-ട്രഷറി മുഖേന അടവ് വരുത്തിയ തുകയുടെ കൃത്യത ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിൽ, "2408-01-102-95-33 FPS Cost of Food grains" എന്ന ശീർഷകത്തിൽ നിന്നും 3,99,000/- രൂപ, (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരം രൂപ മാത്രം) പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ പേരിലുള്ള '799011700000253' നമ്പർ പി.ഡി അക്കൗണ്ടിലേക്ക് മാറ്റുന്നതിനു പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീന.എ.എൻ
ജോയിന്റ് സെക്രട്ടറി

1.പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), തിരുവനന്തപുരം
3. ധനകാര്യ (അഗ്രി-സി) വകുപ്പ്
(17.12.2024 ലെ 2535438-അഗ്രി-സി2/127/2023-ധന പ്രകാരം അറിവിലേക്കായി
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
K R Remya
Date: 24-12-2024 11:46:36
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. ഭക്ഷ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭക്ഷ്യവകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
ഭക്ഷ്യവകുപ്പ് ജോയിൻറ് സെക്രട്ടറിയുടെ സി.എയ്ക്ക്
ഭക്ഷ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്